# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3029 13.07.2015-ൽ മറുപടിയ്ക്ക്

### കോഴിക്കോട് വിമാനത്താവളത്തിലെ വെടിവെപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. മുഹമ്മദുണ്ണി ഹാജി | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് വിമാനത്താവളത്തിലെ വെടിവെപ്പിനും ഒരു സി.ഐ. എസ്. എഫ്. ജവാൻ മരണപ്പെടാനും ഇടയാക്കിയ സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) കോഴിക്കോട് വിമാനത്താവളത്തിലുണ്ടായ വെടി വെയ്പിനും ഒരു സി.ഐ. എസ്. എഫ്. ജവാൻ മരണപ്പെടാനും ഇടയാക്കിയ സംഭവത്തിൽ കരിപ്പൂർ പോലീസ് സ്റ്റേഷനിൽ 4 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിൽ ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. |
| (ബി) പ്രസ്തുത സംഭവം സംബന്ധിച്ച് ഏതെല്ലാം കേസ് എടുത്തിട്ടുണ്ടെന്നും ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | (ബി) ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെയും അറസ്റ്റ് ചെയ്ത പ്രതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) വിമാനത്താവളത്തിലെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ ക്രമസമാധാന പ്രശ്നമായി വളരുന്നത് തടയാനും യാത്രക്കാർക്കും മറ്റും സുരക്ഷിതത്വം നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (സി) വിമാനത്താവളത്തിലെ ആഭ്യന്തര സുരക്ഷാ ചുമതല പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ സിവിൽ ഏവിയേഷൻ വകുപ്പിന് കീഴിലുള്ള എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുള്ള ഏജൻസികൾക്കും, കേന്ദ്ര വ്യവസായ സംരക്ഷണ സേനയ്ക്കുമാണ്. ഈ ഏജൻസികൾ തമ്മിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ റിപ്പോർട്ട് ചെയ്യുന്നതും പരിഹാരം കണ്ടെത്തുന്നതും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ തന്നെയാണ്. 10.06.2015-ലെ സംഘർഷത്തെ തുടർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും വിമാനയാത്രി കരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി 16.06.2015 തീയതി സംസ്ഥാന ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിലെയും സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിലെയും കേന്ദ്ര വ്യവസായ സംരക്ഷണ സേനയിലെയും സംസ്ഥാന പോലീസിലെയും ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നതതല യോഗം ചേരുകയുണ്ടായി. ഈ യോഗത്തിൽ വിമാനത്താവളങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്ക |

| | |
|---|---|
| | ന്നതിനും വിമാനയാത്രികരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി വിമാനത്താവള ങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സ്റ്റേഷനുകൾ/ ഔട്ട് പോസ്റ്റുകൾ സ്ഥാപിക്കുന്ന കാര്യം കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) വിമാനത്താവളത്തിൽ ആവശ്യമെങ്കിൽ കേരള പോലീസിന്റെ സുരക്ഷയും കൂടി ക്രമീകരിക്കുന്നതിന് നടപടി സ്വീകരി ക്കുമോ ? | (ഡി) കേന്ദ്ര നിയമമനുസരിച്ച് വിമാനത്താവളങ്ങളുടെ ആഭ്യന്തര സുരക്ഷാ ചുമതല പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ സിവിൽ ഏവിയേഷൻ വകുപ്പിന് കീഴിലുള്ള എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുള്ള ഏജൻസികൾക്കും കേന്ദ്ര വ്യവസായ സംരക്ഷണ സേനക്കുമാണ് വിമാന യാത്രികരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തു ന്നതിനു വേണ്ടി സംസ്ഥാനത്തുള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ അന്താരാഷ്ട്ര വിമാനതാവള ങ്ങളോടു ചേർന്ന് വിമാനത്താളങ്ങൾക്ക് മാത്രമായി പ്രത്യേക പോലീസ് സ്റ്റേഷൻ രൂപീകരിക്കുവാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുവാനും നിലവിൽ തിരുവനന്തപുരം, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളങ്ങളോടു ചേർന്ന് പ്രവർത്തിച്ചു വരുന്ന പോലീസ് എയ്ഡ് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ക്രൈം നം. | കേസിന്റെ വിശദാംശം | പ്രതികൾ | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | 432/15 | വെടിവെയ്പ്പിൽ സി.ഐ.എസ്.എഫ് ഉദ്യോഗസ്ഥനായ എസ്. എസ്. യാദവ് മരണപ്പെടുകയും ഒരാൾക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവം | അജികുമാർ, ജഗന്നാഥൻ നായർ, ജോസഫ് ഷൈൻ, റിനീഷ്, അജിത്കുമാർ, ശ്രീധരൻ, ബ്രിഡ്ജു, ജോഷി, അനീഷ്, മധു മാധവൻ, സണ്ണി തോമസ് | പ്രതികളെ അറസ്റ്റു ചെയ്ത കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്ത ജയിലിൽ പാർപ്പിച്ചു വരുന്നു. പതിനൊന്നാം പ്രതി സണ്ണി തോമസ് എന്നയാൾ കോടതി ഉത്തരവ് പ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ചികിത്സയിലാണ് |
| 2 | 433/15 | സി.ഐ.എസ്.എഫ്. ജീവനക്കാർ എയർപോർട്ട് അതോറിറ്റിയുടെ ഓഫീസിലേക്ക് അതിക്രമിച്ചു കയറി ജീവനക്കാരെ ആക്രമിച്ചതിനും ഓഫീസ് സാമഗ്രികളും യന്ത്രസാമഗ്രികളും കേടുവരുത്തിയ കാര്യത്തിന്. | ലോകേന്ദ്ര സിംഗ്, രമോഷി ദീപക് യശ്വന്ത്, വിനയ് കുമാർ ഗുപ്ത, രകേഷ് കുമാർ വീണ, സുരേഷ് ഗെള, സുഭാഷ് ചന്ദർ, കമലകാന്ത് ഗെഡു, ജിതേന്ദ്ര കുമാർ, അരവിന്ദ് യാദവ്, അശ്വനി കുമാർ, അമിത് തിവാരി, ധീരേന്ദ്ര ഒറാൻ, നടരാജ് ജി. എ. | 13 പ്രതികളെയു അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്ത് ജയിലിൽ പാർപ്പിച്ചു വരുന്നു. |
| 3 | 436/15 | അഗ്നിശമനാ വിഭാഗത്തിൽ ഡ്യൂട്ടി ചെയ്തു വരുന്നയാളെ എയർ പോർട്ടിലേക്ക് പ്രവേശിക്കുന്ന സമയം കണ്ടാലറിയാവുന്ന 3 സി.ഐ.എസ്.എഫ്. ജീവനക്കാർ കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടെ തടഞ്ഞു നിർത്തി തോക്ക ചൂണ്ടി ഭീഷണിപ്പെടുത്തി അടിച്ച കാര്യ ത്തിന്. | പ്രതികളെ ആരെയും അറസ്റ്റു ചെയ്തിട്ടില്ല. | അന്വേഷണം തുടർന്നു വരുന്നു. |
| 4 | 442/15 | അഗ്നിശമാനാ വിഭാഗത്തിലെ ജീവനക്കാരനെ എയർപോർട്ടി നകത്ത് വച്ച് ആംബുലൻസിൽ നിന്നും വലിച്ചു താഴെയിട്ട് ബൂട്ട് കൊണ്ട് ചവിട്ടിയും ഹെൽമറ്റ് കൊണ്ട് അടിച്ചു പരിക്കേല്പിച്ച കാര്യത്തിന്. | പ്രതികളെ അറസ്റ്റു ചെയ്തിട്ടില്ല. | അന്വേഷണം തുടർന്നു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ